പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2088 26.03.2013 -ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. ക്ക് ലഭിച്ച കേന്ദ്ര സഹായം

ചോദ്യം

ശ്രീ. കെ.കെ. നാരായണൻ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| | കെ.എസ്.ആർ.ടി.സി. യുടെ പ്രതിസന്ധി പരിഹരിക്കുന്നതിന് കേന്ദ്രത്തിനോടാവശ്യപ്പെട്ട് എന്തെല്ലാം സഹായങ്ങൾ നേടിയെടുത്തു എന്ന് വ്യക്തമാക്കാമോ? | | കെ.എസ്.ആർ.ടി.സി. നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ, വൻകിട ഉപഭോക്താവ് എന്ന നിലയിലുള്ള ഡീസൽവില വർദ്ധനവിൽ നിന്നും കെ.എസ്. ആർ.ടി.സിയെ ഒഴിവാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അനുകൂലമായ സമീപനം പ്രതീക്ഷിക്കുന്നു. കെ.എസ്. ആർ.ടി.സി.ബസ്സുകളിലെ ഇന്ധനം ഡീസലിൽ നിന്നും സി.എൻ.ജി. ആക്കി മാറ്റുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ട്. ഈ പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്രത്തിൽ നിന്നും യഥാസമയം സാമ്പത്തിക സഹായം പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ